**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1482** **14-03-2022 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ തഹസിൽദാർ ഓഫീസുകളിലെ അടിസ്ഥാനസൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭൂമി ഏറ്റെടുക്കൽ സ്പെഷ്യൽ തഹസിൽദാർ ഓഫീസുകളിൽ കമ്പ്യൂട്ടർ, പ്രിൻറർ, സ്കാനർ ഉൾപ്പടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ഇല്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഭൂമി ഏറ്റെടുക്കൽ ഓഫീസുകളിൽ ഭൂമി ഏറ്റെടുക്കൽ ജോലികൾക്കായി വിവിധ സർക്കാർ വകുപ്പുകൾ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന കണ്ടിജൻസി ഫണ്ട്, എസ്റ്റാബ്ലിഷ്മെന്റ് കോസ്ററ് എന്നിങ്ങനെ ലഭിയ്ക്കുന്ന തുക ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സർക്കാരിന്റെയോ മറ്റ് ഹയർ അതോറിറ്റികളുടെയോ അനുമതി വാങ്ങേണ്ടതുണ്ടോ; | (ബി) | 2013 ലെ RFCTLARR Act റൂൾ 4 (4) പ്രകാരമുള്ള ആനുഷാംഗിക ചെലവുകൾ (സ്റ്റേഷനറി, കമ്മ്യൂണിക്കേഷൻ, പ്രസിദ്ധീകരണം, മനുഷ്യവിഭവശേഷി, യാത്ര, വാഹനങ്ങൾ, ആമീൻ, ഡ്രാഫ്റ്റ്സ്മാൻ, അല്ലെങ്കിൽ ഏറ്റെടുക്കലുമായി ബന്ധപ്പെട്ട മറ്റുദ്യോഗസ്ഥർ എന്നിവരുടെ ചെലവുകൾ) കണ്ടിജൻസി തുകയിൽ നിന്നും ലാൻഡ് അക്വിസിഷൻ ഓഫീസർമാർക്ക് തന്നെ വിനിയോഗിക്കാവുന്ന താണ്. മറ്റ് അടിസ്ഥാന സൗകര്യങ്ങൾ (കമ്പ്യൂട്ടർ, പ്രിൻറർ, സ്കാനർ മുതലായവ) ഒരുക്കുന്നതിനാവശ്യമായ തുക ജില്ലാ കളക്ടറുടെ അനുമതിയോടുകൂടി ലാൻഡ് അക്വിസിഷൻ ഓഫീസർമാർക്ക് കണ്ടിജൻസി തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത ഓഫീസുകൾക്ക് ടി തുകകൾ ഉപയോഗിച്ച് സ്വന്തം നിലയിൽ ഓഫീസിൽ മതിയായ അടിസ്ഥാനസൗകര്യം ഏർപ്പെടുത്തുന്നതിന് നിയമ തടസ്സമുണ്ടോ; വ്യക്തമാക്കാമോ; | (സി) | 2013 ലെ RFCTLARR Act റൂൾ 4 (4) പ്രകാരമുള്ള ആനുഷാംഗിക ചെലവുകൾ (സ്റ്റേഷനറി, കമ്മ്യൂണിക്കേഷൻ, പ്രസിദ്ധീകരണം, മനുഷ്യവിഭവശേഷി, യാത്ര, വാഹനങ്ങൾ, ആമീൻ, ഡ്രാഫ്റ്റ്സ്മാൻ, അല്ലെങ്കിൽ ഏറ്റെടുക്കലുമായി ബന്ധപ്പെട്ട മറ്റുദ്യോഗസ്ഥർ എന്നിവരുടെ ചെലവുകൾ) കണ്ടിജൻസി തുകയിൽ നിന്നും ലാൻഡ് അക്വിസിഷൻ ഓഫീസർമാർക്ക് തന്നെ വിനിയോഗിക്കാവുന്ന താണ്. മറ്റ് അടിസ്ഥാന സൗകര്യങ്ങൾ (കമ്പ്യൂട്ടർ, പ്രിൻറർ, സ്കാനർ മുതലായവ) ഒരുക്കുന്നതിനാവശ്യമായ തുക ജില്ലാ കളക്ടറുടെ അനുമതിയോടുകൂടി ലാൻഡ് അക്വിസിഷൻ ഓഫീസർമാർക്ക് കണ്ടിജൻസി തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഭൂമി ഏറ്റെടുക്കൽ ഓഫീസുകളിൽ വാഹന സൗകര്യം ഇല്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കണ്ടിജൻസി ഫണ്ട്, എസ്റ്റാബ്ലിഷ്മെന്റ് കോസ്ററ് എന്നിങ്ങനെ ലഭിയ്ക്കുന്ന തുക ഉപയോഗിച്ച് പ്രസ്തുത ഓഫീസുകൾ സ്വന്തം നിലയിൽ മാസവാടക അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് നിയമ തടസ്സമുണ്ടോ; ആയതിന് സർക്കാരിന്റെയോ ജില്ലാ കളക്ടറുടെയോ അനുമതി ആവശ്യം ഉണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഇല്ല. വാഹനവാടക റൂൾ 4 (4) ഉൾപ്പെട്ടു വരുന്നതിനാൽ കണ്ടിജൻസി തുകയിൽ നിന്നും ചെലവഴിക്കുന്നതിന് തടസ്സമില്ലാത്തതാണ് |

സെക്ഷൻ ഓഫീസർ